FEDERAL BANK
YOUR PERFECT BANKING PARTNER

പത്രക്കുറിപ്പ് 01.06.2015

# പണം കൈമാറ്റത്തിന് സ്കാൻ എൻ പേ എന്ന നൂതന മൊബൈൽ ആപ്ലിക്കേഷനുമായി ഫെഡറൽ ബാങ്ക്

കൊച്ചി: പണം കൈമാറ്റത്തിന് അതിനൂതന മൊബൈൽ ആപ്ലിക്കേഷനായ സ്കാൻ എൻ പേ ഫെഡറൽ ബാങ്ക് അവതരിപ്പിച്ചു. നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ എംഡിയും സിഇഒയുമായ എ.പി.ഹോത്തയാണ് സ്കാൻ എൻ പേ പുറത്തിറക്കിയത്.

ആളുകൾ തമ്മിലുള്ള പണം കൈമാറ്റത്തിനും ചെറുകിട വിൽപനശാലകൾ, റെസ്റ്റോറന്റുകൾ, ഹോം ഡെലിവറി, ഇ- കൊമേഴ്സ്, ബിൽ പേയ്മെന്റ് തുടങ്ങി ഏതുതരം സാമ്പത്തിക ഇടപാടുകളും നിലവിലുള്ള എല്ലാ ബുദ്ധിമുട്ടുകളും ഒഴിവാക്കി നടത്താനാകുന്ന സംവിധാനമാണിത്. ഫെഡറൽ ബാങ്ക് സ്വന്തം നിലയ്ക്ക് വികസിപ്പിച്ചെടുത്ത സ്കാൻ എൻ പേ സംവിധാനം ഇത്തരത്തിൽ ആദ്യത്തേതാണ്. നിലവിൽ ആൻഡ്രോയ്ഡ് പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്ന ഈ സൗജന്യ ആപ്ലിക്കേഷൻ തുടർന്ന് ഐഒഎസ്, വിൻഡോസ്, ബ്ലാക്ക്ബെറി എന്നിവയിലേക്കും വ്യാപിപ്പിക്കും.

സ്മാർട് ഫോണിന്റെ സൗകര്യങ്ങളും സംവിധാനങ്ങളും ഉപയോഗിച്ച് ക്വിക് റെസ്പോൺസ് (ക്യൂ ആർ) കോഡിന്റെ ലാളിത്യവും ഇമ്മീഡിയറ്റ് പേയ്മെന്റ് സർവീസിന്റെ (ഐഎംപിഎസ്) ഉത്തരവാദിത്തവും നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ (എൻപിസിഐ) സൗകര്യങ്ങളും മൊബൈൽ പിന്നിന്റെ (എംപിൻ) സുരക്ഷിതത്വവും ഒത്തുചേർത്താണ് ഇത് രൂപകൽപന ചെയ്യപ്പെട്ടിരിക്കുന്നത്.

പണം നൽകുന്നയാളിന്റെയും സ്വീകരിക്കുന്നയാളിന്റെയും സ്മാർട് ഫോണുകളിൽ സൗജന്യമായി ഡൗൺലോഡ് ചെയ്തെടുക്കാവുന്ന ഈ ആപ്ലിക്കേഷൻ ഉണ്ടെങ്കിൽ പണം കൈമാറ്റം സുഗമമായി നടത്താം. പണം ലഭിക്കേണ്ട ആൾ സ്കാൻ എൻ പേ ആപ്ലിക്കേഷനിൽ ലഭിക്കേണ്ട തുക രേഖപ്പെടുത്തുമ്പോൾ ഒരു ഡൈനാമിക് ക്യൂആർ കോഡ് സൃഷ്ടിക്കപ്പെടും. പണം നൽകേണ്ടയാൾ ഈ കോഡ് തന്റെ സ്മാർട് ഫോണിലെ സ്കാൻ എൻ പേ ആപ്ലിക്കേഷൻ ഉപയോഗിച്ച് സ്കാൻ ചെയ്ത് എംപിൻ രേഖപ്പെടുത്തി പണം

നൽകാൻ നിർദ്ദേശം നൽകിയാൽ മാത്രം മതി. ഉടൻ തന്നെ ഇടപാട് നടക്കുകയും ഇരുകൂട്ടർക്കും ഒരേ സമയം ഇടപാടു നടന്നതായുള്ള സന്ദേശം കിട്ടുകയും ചെയ്യും.

വ്യാപാരസ്ഥാപനങ്ങളിലും മറ്റും അടയ്ക്കേണ്ട തുക കാഷ്യർ വ്യാപാരിയുടെ സ്കാൻ എൻ പേ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുകയും തുടർന്ന് മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തിയാക്കുകയുമാണ് ചെയ്യേണ്ടത്. ഇ- കൊമേഴ്സ് വെബ്സൈറ്റുകളിലും ഇതേപ്രകാരമാണ് പണം നൽകേണ്ടത്.

ഡെബിറ്റ് കാർഡുകൾ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന പല ബുദ്ധിമുട്ടുകളും ഈ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിലൂടെ ഇല്ലാതാകുമെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. കാർഡുകൾ സുരക്ഷിതമായി കൈവശം സൂക്ഷിക്കണമെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഇതിനാവശ്യമില്ല. ക്യൂആർ കോഡും എംപിന്നും ഉള്ളതിനാൽ തികച്ചും സുരക്ഷിതമായ ഇടപാടിന്റെ വിവരങ്ങൾ അപ്പോൾതന്നെ ഇരുകൂട്ടർക്കും സന്ദേശമായി ലഭിക്കുന്നതും ഇടപാടിന്റെ സുരക്ഷിതത്വം വർധിപ്പിക്കുന്നു.

ഇപ്പോൾ ഫെഡറൽ ബാങ്കിന്റെ ഇടപാടുകാർക്ക് മാത്രമാണ് ഈ സൗകര്യം ലഭ്യമാകുക. എൻപിസിഐയിൽ നിന്ന് പൊതുവായ ഐഎംപിഎസ് സേവനം ലഭ്യമാക്കുന്ന മറ്റ് ബാങ്കുകളുടെ ഇടപാടുകാർക്കും ഈ സേവനം ലഭ്യമാക്കാൻ ഫെഡറൽ ബാങ്കിനു പദ്ധതിയുണ്ട്.

*Rajanarayanan N*
*Assistant General Manager*

---

***About Federal Bank:***

***Federal Bank is a leading Private Sector Bank with a branch network of 1224 branches and 1,479 ATMs spread across the country. The Bank's total business mix (deposits + advances) stands at Rs 1.03 Lakh Crore as at March 31, 2014and it has earned a net profit of Rs 838.89 Crore. Its Capital to Risk weighted Ratio (CRAR) stood at 15.14% at the end of March 31. Federal Bank has its Representative Office at Abu Dhabi that serves as a nerve centre for NRI customers in the UAE. Federal Bank is transforming itself, keeping its principles intact, into an organization that offers services beyond par. It has a well defined vision for the future as a guidepost to its progress.***